I ഇ.ബി. XV - കേരള നിയമസഭ/XI-4

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

<u>2024 ജൂൺ 19, ബുധൻ</u>

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I ചരമോപചാരം

<u>കുവൈറ്റ് അഗ്നിബാധയിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് അനുശോചനം</u>

<u>മി. സ്പീക്കർ</u>: 2024 ജൂൺ 12-ന് കുവൈറ്റിലെ മംഗെഫിൽ ഫ്ലാറ്റിലുണ്ടായ അഗ്നിബാധയിൽ 24 മലയാളികളുൾപ്പെടെ 50 പേരാണ് മരണപ്പെട്ടത്. മരണപ്പെട്ട പ്രവാസികളുടെ മൃതദേഹങ്ങൾ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തിയപ്പോൾ ഏറ്റുവാങ്ങാൻ മുഖ്യമന്ത്രിയും

മന്ത്രിമാരും പ്രതിപക്ഷ നേതാവും നേതൃത്വം നൽകുകയും മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ അഞ്ച് ലക്ഷം രൂപയും കേന്ദ്ര സർക്കാർ രണ്ട് ലക്ഷം രൂപയും ധനസഹായം പ്രഖ്യാപിക്കുകയും പ്രമുഖ പ്രവാസി മലയാളി വ്യവസായികൾ ധനസഹായത്തിന് സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മരണപ്പെട്ടവരുടെ ആശ്രിതർക്ക് സാധ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കാൻ നോർക്കയും ശ്രമങ്ങൾ നടത്തുന്നുണ്ട്. കേന്ദ്രസർക്കാർ കുവൈറ്റിൽ നടത്തുന്ന ഇടപെടലുകളിൽ സംസ്ഥാന സർക്കാർ പൂർണ്ണ പിന്തുണ നൽകുന്നുണ്ട്. അഗ്നിബാധയിൽ മരണമടഞ്ഞവരുടെ ബന്ധുക്കളുടേയും ആശ്രിതരുടേയും ദുഃഖത്തിൽ കേരള നിയമസഭയും പങ്കുചേരുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കുവൈറ്റിലെ മംഗെഫിൽ ഫ്ലാറ്റിലുണ്ടായ അഗ്നിബാധയിൽ മരണപ്പെട്ടവരുടെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. സംഭവമറിഞ്ഞയുടൻ സംസ്ഥാന സർക്കാർ പ്രത്യേക മന്ത്രിസഭായോഗം ചേർന്ന് ആരോഗ്യ വകുപ്പുമന്ത്രിയെ ദുരന്തസ്ഥലത്ത് അയയ്ക്കാൻ തീരുമാനിച്ചെങ്കിലും കേന്ദ്രവിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകാത്തതിനാൽ അത് സാധ്യമായില്ല. മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനും പരിക്കേറ്റവർക്ക് ചികിത്സ

ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏകോപിപ്പിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫലപ്രദമായി ഇടപെടൽ നടത്തുകയുണ്ടായി. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ 5 ലക്ഷം രൂപയും കേന്ദ്രസർക്കാർ 2 ലക്ഷം രൂപയും പരിക്കേറ്റവരുടെ കുടുംബത്തിന് സംസ്ഥാന സർക്കാർ ഒരു ലക്ഷം രൂപയും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. സഹായ ഹസ്തവുമായി എത്തിയ വ്യവസായികളെയും വ്യക്തികളെയും സ്മരിക്കുന്നു. നാടിനാകെയുണ്ടായ ദുഃഖത്തിൽ പങ്ക് ചേരുകയാണ്. കുടുംബാംഗങ്ങളെ അഗാധമായ ദുഃഖം അറിയിക്കുന്നതോടൊപ്പം പരിക്കേറ്റവർ എത്രയും വേഗം സാധാരണ ജീവിതത്തിലേയ്ക്ക് മടങ്ങിവരട്ടെയെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): കുവൈറ്റ് അഗ്നിബാധയിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾ അനാഥമായിരിക്കുകയാണ്. യാതൊരുവിധ പരാതികളും ഇല്ലാത്തവിധത്തിലാണ് സർക്കാർ കാര്യങ്ങൾ കൈകാര്യം ചെയ്യുത്. സംസ്ഥാന ആരോഗ്യ വകുപ്പുമന്ത്രിക്ക് ദുരന്തസ്ഥലം സന്ദർശിക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ നിഷേധിച്ചത് പ്രതിഷേധാർഹമാണ്. മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു.

(കുവൈറ്റ് അഗ്നിബാധയിൽ ജീവൻ നഷ്ടമായവരോടുള്ള ആദരസൂചകമായി സഭ ഒന്നടങ്കം അല്പസമയം എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു.)

## II അറിയിപ്പ്

അംഗത്തിന്റെ രാജി

ചേലക്കര നിയോജകമണ്ഡല അംഗം ശ്രീ. കെ. രാധാകൃഷ്ണൻ 18-06-2024 മുതൽ പ്രാബല്യത്തിൽ നിയമസഭാംഗത്വം രാജിവച്ചതായി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## III അടിയന്തരപ്രമേയം

തലശ്ശേരിയിൽ സ്റ്റീൽ ബോംബ് പൊട്ടിയുണ്ടായ മരണം

മി. സ്പീക്കർ: തലശ്ശേരി എരഞ്ഞോളി കുടക്കളത്ത് സ്റ്റീൽ ബോംബ് പൊട്ടി കുടക്കളം സ്വദേശി വേലായുധൻ മരിച്ച സംഭവത്തെത്തുടർന്ന് ജനങ്ങളിൽ ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കണ്ണൂർ കുടക്കളം സ്വദേശി വേലായുധൻ 18-06-2024-ന് വീടിന് സമീപത്തെ കണ്ണോളി മോഹനൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള ആളൊഴിഞ്ഞ പറമ്പിൽ നിന്ന് കിട്ടിയ സ്റ്റീൽ വസ്തു പരിശോധിക്കുന്നതിനിടെ പൊട്ടിത്തെറിച്ച് മരണപ്പെട്ട സംഭവത്തിൽ അസ്വാഭാവിക മരണത്തിന് തലശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്. പാനൂരിൽ ഈയിടെയുണ്ടായ ബോംബ് സ്ഫോടനത്തിൽ ഒരാൾ കൊല്ലപ്പെട്ട സംഭവത്തിൽ ഊർജ്ജിത അന്വേഷണം നടത്തി കുറ്റക്കാരായ 15 പേരെയും അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഫോടകവസ്തുക്കളുടെ നിർമ്മാണം തടയുന്നതിന് ശക്തമായ നടപടികളും പരിശോധനയുമാണ് പോലീസ് നടത്തിവരുന്നത്. ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും അനധികൃത നിർമ്മാണവും ശേഖരണവും തടയുന്നതിനും കണ്ടെത്തുന്നതിനുമായി ക്വാറി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിരന്തരം റെയ്ഡുകൾ നടത്തി ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. Bomb Detection & Disposal Squad, Dog Squad എന്നിവയെ ഉൾപ്പെടുത്തി വ്യാപകമായ വാഹന പരിശോധനകളും പട്രോളിംഗും നടത്തിവരുന്നു. സംസ്ഥാനത്തെ സമാധാന അന്തരീക്ഷം തകർക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഏതൊരു പ്രവൃത്തിയേയും തടയുന്നതിന് ശക്തമായ നടപടിയാണ്

സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വെടിമരുന്നുകളും സ്ഫോടക സാമഗ്രികളും ദുരുപയോഗം ചെയ്ത് ബോംബ് നിർമ്മാണവും മറ്റുപ്രവൃത്തികളും നടത്തുന്നവർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ചില മേഖലകളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്ന പശ്ചാത്തലത്തിൽ പോലീസ് കൂടുതൽ ഊർജ്ജിതമായ പരിശോധനകൾ നടത്തുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: കണ്ണൂർ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ബോംബ് സ്ഫോടനം ആവർത്തിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രിതന്നെ സമ്മതിക്കുന്നുണ്ട്. തലശ്ശേരി എരഞ്ഞോളി കുടക്കളത്ത് വർഷങ്ങളായി ആൾതാമസമില്ലാത്ത വീടിന് പരിസരത്ത് കണ്ട വസ്തു നിലത്തിടിച്ച് പൊട്ടിക്കാൻ ശ്രമിച്ചപ്പോഴാണ് സ്ഫോടനമുണ്ടായതും മരണപ്പെട്ടതും. തെളിവുകൾ നശിപ്പിക്കപ്പെട്ടതിനുശേഷമാണ് പോലീസ് സംഭവസ്ഥലത്ത് എത്തുന്നത്. ബോംബ് നിർമ്മാണത്തിനിടെ മരണപ്പെടുന്നവരെ രക്തസാക്ഷികളായി പ്രഖ്യാപിച്ച് സ്മാരകം നിർമ്മിക്കുകയും കുടുംബത്തിന് സഹായധനം നൽകുകയും അപകടത്തിൽപ്പെടുന്നവർക്ക് തലശ്ശേരി സഹകരണ ആശുപത്രിയിൽ രഹസ്യചികിത്സ നൽകുകയും ചെയ്യുന്ന സമീപനമാണ് ഇടതുപക്ഷം സ്വീകരിക്കുന്നത്. പാർലമെന്റ്

തെരഞ്ഞെടുപ്പിനുശേഷം കക്കട്ടിലും മണിയൂരിലും കുത്തുപറമ്പിലും വീടുകൾക്കുനേരെയുണ്ടായ ബോംബേറിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തെങ്കിലും യഥാർത്ഥ പ്രതികളെ രക്ഷിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. വ്യാപകമായി ബോംബ് സ്ഫോടനങ്ങളുണ്ടാകുമ്പോഴും ബോംബിന്റെ ഉറവിടം കണ്ടെത്താൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ബോംബ് നിർമ്മാണം പ്രോത്സാഹിപ്പിക്കുന്ന നിലപാട് അവസാനിപ്പിക്കണം. എരഞ്ഞോളിയിൽ ബോംബ് പൊട്ടി വയോധികൻ മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്തി യഥാർത്ഥ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനും മരണപ്പെട്ട വേലായുധന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാനും വ്യാപകമായ ബോംബ് നിർമ്മാണം തടയാനും നടപടി സ്വീകരിക്കണം. ഗൗരവമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കണ്ണൂർ ജില്ലയിൽ ബോംബ് നിർമ്മാണത്തിന്റേതായ യാതൊരു സാഹചര്യവും നിലനിൽക്കുന്നില്ല. ബോംബ് നിർമ്മാണപ്രക്രിയയോട് ഒരു തരത്തിലുള്ള വിട്ടുവീഴ്ച മനോഭാവവും സർക്കാർ കാണിക്കുന്നില്ല. പാനൂരിലെ ബോംബ് സ്ഫോടനവുമായി ബന്ധപ്പെട്ട് കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്. എരഞ്ഞോളിയിൽ

ബോംബ് പൊട്ടി വയോധികൻ മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്തി ബോംബിന്റെ ഉറവിടം കണ്ടെത്താൻ പോലീസ് ശ്രമിക്കും. സംഭവസ്ഥലത്തുനിന്ന് തെളിവുകൾ നശിപ്പിക്കുന്ന തരത്തിലുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആതുരശുശ്രൂഷാ രംഗത്ത് മികച്ച സേവനം നടത്തുന്ന തലശ്ശേരി സഹകരണ ആശുപത്രിക്കെതിരെയുള്ള പരാമർശം അപലപനീയമാണ്. ഇത്തരം സംഭവങ്ങൾക്ക് രാഷ്ട്രീയനിറം ചാർത്താനുള്ള ശ്രമം പ്രതിപക്ഷം ഉപേക്ഷിക്കണം. റെയ്ഡ് അടക്കം നടത്തി കുറ്റമറ്റ രീതിയിലുള്ള അന്വേഷണം നടത്താൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) കേന്ദ്രവിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും സമയബന്ധിതമായി ലഭ്യമാക്കൽ

ശ്രീ. പി. നന്ദകുമാർ: സംസ്ഥാനത്തിനർഹമായ കേന്ദ്രവിഹിതവും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതവും ലഭിക്കാത്തതിനാൽ പദ്ധതികൾ അട്ടിമറിക്കപ്പെടുകയും സംസ്ഥാനത്തിന്റെ വികസനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കേന്ദ്ര വിഹിതം നേടിയെടുക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കേന്ദ്ര വിഹിതം അനുവദിക്കുന്നതിലുള്ള വിവേചനപരമായ കേന്ദ്ര നിലപാട് തിരുത്തണമെന്ന് സംസ്ഥാന സർക്കാർ നിരന്തരമായി ആവശ്യപ്പെട്ടിട്ടുണ്ട്. ധനകാര്യകമ്മീഷൻ വിഹിതത്തിലും ഗ്രാന്റുകളിലും പദ്ധതി വിഹിതത്തിലും കുറവ് വരുത്തുകയും വായ്പാ/കടമെടുപ്പ് പരിധികൾ വെട്ടിക്കുറയ്ക്കുകയും ചെയ്തതിനെതിരെ സംസ്ഥാനം നിയമ നടപടി ഉൾപ്പെടെ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ബ്രാൻഡിംഗ്, നെയിമിംഗ് തുടങ്ങിയ കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നയിച്ച് പല പദ്ധതികളുടെയും കേന്ദ്ര വിഹിതവും സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് വായ്പകളും തടസ്സപ്പെടുത്തുകയും

സംസ്ഥാനത്തെക്കൂടി പരിഗണിക്കുന്ന കോ-ബ്രാൻഡിംഗ് അനുവദിക്കാതിരിക്കുകയുമാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ആവിഷ്കരിച്ച എസ്.എൻ.എ. സംവിധാനത്തിൽ കൊണ്ടുവരുന്ന പലവിധത്തിലുള്ള നിബന്ധനകളും പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കേന്ദ്ര വിഹിതത്തിന്റെ അഭാവത്തിൽ കൂടുതൽ സംസ്ഥാനവിഹിതം നൽകേണ്ടിവരുന്നതും സംസ്ഥാനത്തെ പ്രതിസന്ധിയിലാക്കുകയാണ്. സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച് കമ്മിറ്റി രൂപീകരിച്ച് വിവരശേഖരണം നടത്തിവരുന്നുണ്ട്. കുടിശ്ശിക വിഹിതം നേടിയെടുക്കുന്നതിന് വകുപ്പുസെക്രട്ടറിതലത്തിൽ കേന്ദ്ര സർക്കാർ മന്ത്രാലയങ്ങളുമായി ചർച്ച നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതിനുപുറമെ സാങ്കേതിക നടപടിക്രമം പൂർത്തിയാക്കിയും വിനിയോഗ സാക്ഷ്യപത്രം നൽകിയും ഇക്കാര്യത്തിൽ ത്വരിത നടപടി സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തിനർഹമായ നികുതി വിഹിതവും ഗ്രാന്റും ലഭിക്കുന്നതിന് കേരളം ഒറ്റക്കെട്ടായി പരിശ്രമിക്കേണ്ടതാണ്.

## (2) ക്രിമിനൽ പശ്ചാത്തലമുള്ള ഉദ്യോഗസ്ഥരെ പോലീസ് സേനയിൽനിന്നും നീക്കം ചെയ്യൽ

ശ്രീ. അൻവർ സാദത്ത്: ക്രിമിനൽ പശ്ചാത്തലമുള്ള ഉദ്യോഗസ്ഥരെ പോലീസ് സേനയിൽനിന്നും നീക്കംചെയ്യുന്നതിനും മാനസിക സമ്മർദ്ദംമൂലം പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്യുകയോ വോളന്ററി റിട്ടയർമെന്റെടുക്കുകയോ ചെയ്യുന്ന സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സേനയുടെ വിശ്വാസ്യത കളങ്കപ്പെടുത്തുന്ന പ്രവൃത്തികളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരെ ഘട്ടംഘട്ടമായി പുറത്താക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്രിമിനൽ കേസുകളിലുൾപ്പെട്ട പോലീസുകാർക്കെതിരെ ക്രിമിനൽ നിയമപ്രകാരവും വകുപ്പുതലത്തിലും നടപടി സ്വീകരിക്കുകയും എട്ട് വർഷത്തിനുള്ളിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ 108 പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. കോടതി കേസുകളിന്മേൽ വിധി വരുന്ന മുറയ്ക്ക് ബാക്കി കുറ്റാരോപിതർക്കെതിരെയും വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

## V സബ്മിഷൻ

### (1) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ആനുകൂല്യങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർക്കാർ ജീവനക്കാർ/അധ്യാപകർ/പെൻഷൻകാർ എന്നിവർക്ക് ഡി.എ./ഡി.ആർ./ ശമ്പള പരിഷ്കരണ കുടിശ്ശികകൾ, ലീവ് സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി ഒരു ഗഡു ഡി.എ./ഡി.ആർ. 2024 ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം അനുവദിച്ചിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഉൾപ്പെടെയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം അനുവദിക്കുകയും മറ്റുള്ളവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി പ്രസ്തുത തുക പി.എഫ്.-ൽ ലയിപ്പിക്കാനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ആർജ്ജിതാവധിയുടെ ടെർമിനൽ സറണ്ടറിന് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. പെൻഷൻകാർക്ക് ശമ്പളപരിഷ്കരണത്തിന്റെ മൂന്ന് ഗഡു കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക പി.എഫ്.-ൽ ലയിപ്പിച്ച് നൽകുന്നതാണ്. അർഹതപ്പെട്ട വിഹിതം

കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറയ്ക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തിന്റെ ഫിസ്കൽ കൺസോളിഡേഷൻ മികച്ച രീതിയിലാണ് മുന്നോട്ടുപോകുന്നത്. ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാനുള്ള ശ്രമം തുടരുകയാണ്. സമീപഭാവിയിൽത്തന്നെ ജീവനക്കാരുടെയും അധ്യാപകരുടെയും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) ഇരിക്കൂറിൽ പുതിയ അഗ്നിരക്ഷാ നിലയം

ശ്രീ. സജീവ് ജോസഫ്: ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരത്ത് പുതിയ അഗ്നിരക്ഷാ നിലയം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സംസ്ഥാനത്തെ ദുരന്ത സാധ്യത കണക്കിലെടുത്ത് മുൻഗണന നൽകേണ്ട സ്ഥലങ്ങളിൽ പുതിയ അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അനുമതി നൽകിയ സ്ഥലങ്ങളിൽ അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിച്ചശേഷം ആവശ്യകതയ്ക്കനുസരിച്ച് പുതിയവ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (3) തൃശ്ശൂർ-പാലക്കാട് ജില്ലകളിൽ ഭൂചലനം

ശ്രീ. എ. സി. മൊയ്തീൻ: തൃശ്ശൂർ/പാലക്കാട് ജില്ലകളിലുണ്ടായ ഭൂചലനംമൂലം പ്രദേശവാസികളിലുണ്ടായ ആശങ്ക പരിഹരിക്കാനും നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാനും ടി മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി ജനങ്ങളെ ബോധവത്കരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിൽപ്പെട്ട എരുമപ്പെട്ടി, പഴനി മേഖലകളിൽ ജൂൺ 15, 16 തീയതികളിലുണ്ടായ നേരിയ ഭൂചലനത്തെത്തുടർന്ന് വിവിധ വകുപ്പുദ്യോഗസ്ഥരുടെ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്. ഭൂചലനങ്ങൾ പ്രവചിക്കുന്നതിൽ നിലവിൽ സാങ്കേതിക വിദ്യകളില്ലാത്ത സാഹചര്യത്തിൽ പ്രദേശത്തിനാവശ്യമായ ജാഗ്രത പുലർത്തുന്നതിനും എവിടെയെങ്കിലും പ്രത്യേക സാഹചര്യമുണ്ടായാൽ റിപ്പോർട്ട് ചെയ്യാൻ തഹസിൽദാർക്കും തദ്ദേശസ്വയംഭരണ ജോയിന്റ് ഡയറക്ടർക്കും നിർദ്ദേശം നൽകുകയും ജനങ്ങളിൽ പരിഭ്രാന്തിയുണ്ടാക്കുന്ന സന്ദേശങ്ങൾ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത് തടയുന്നതിന് പോലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം

നൽകുകയും ചെയ്തിട്ടുണ്ട്. റവന്യൂ-തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്കനുസൃതമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ്

ശ്രീ. വാഴൂർ സോമൻ: അന്യ സംസ്ഥാനങ്ങളിൽ നിന്നും കുടിയേറിയ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നിലവിലെ നിയമതടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ/ പിന്നാക്കക്ഷേമ വികസന വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമാണ് റവന്യൂ വകുപ്പ് സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നത്. ടി വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് നിലവിലുള്ള നിബന്ധനകളിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക ക്ഷേമം, നിയമം എന്നീ വകുപ്പുകളുമായി സംയുക്ത യോഗം ചേർന്ന് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.

(5) ഒരങ്കോകുന്ന്, മണ്ടോപ്പാറ നഗർ നിവാസികൾക്ക് പട്ടയം

ശ്രീ. കെ. എം. സച്ചിൻദേവ്: ബാലുശ്ശേരി മണ്ഡലത്തിലെ താമരശ്ശേരി താലൂക്കിലെ കാന്തലാട് വില്ലേജിൽപ്പെട്ട ഒരങ്കോകുന്ന്, മണ്ടോപ്പാറ പ്രദേശങ്ങളിൽ താമസിച്ചുവരുന്നവർക്ക് പട്ടയം നൽകാൻ അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കാന്തലാട് വില്ലേജിൽ പാറ, പാറ പുറമ്പോക്ക് വിഭാഗത്തിലുൾപ്പെട്ട ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്ന വിഷയം പട്ടയ ഡാഷ് ബോർഡിലുൾപ്പെടുത്തി ഒന്നാംഘട്ട അദാലത്തിൽ പരിശോധിക്കുകയും കൈവശഭൂമി/പട്ടയത്തിനായി അപേക്ഷിച്ച ഭൂമി/പട്ടയം അനുവദിക്കാവുന്ന ഭൂമി എന്നിവ സംബന്ധിച്ച് വ്യക്തമായി റിപ്പോർട്ട് ചെയ്യുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും റിപ്പോർട്ട് ലഭ്യമായാലുടൻ നിയമപരമായ സാധ്യതകൾ പരിശോധിച്ച് അർഹരായവർക്ക് പട്ടയം നൽകാനുമാണ് ലക്ഷ്യമിടുന്നത്.

(6) ജൽജീവൻ പദ്ധതിക്കായി പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കൽ

ശ്രീ. അൻവർ സാദത്ത്: ജൽജീവൻ മിഷൻ പദ്ധതി പ്രകാരം പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ച പഞ്ചായത്ത്/പി.ഡബ്ല്യൂ.ഡി.

റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാനും ആലുവ-പെരുമ്പാവൂർ റോഡ് സഞ്ചാരയോഗ്യമാക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് റോഡുകൾ പൊളിക്കുന്നതിനുള്ള തുക വാട്ടർ അതോറിറ്റി അടച്ചിട്ടുണ്ടെങ്കിലും ചില പ്രദേശങ്ങളിൽ സാങ്കേതിക തടസ്സങ്ങളുണ്ടായതിനെത്തുടർന്ന് 15-ാം ധനകാര്യകമ്മീഷന്റെ അൺടൈഡ് ഫണ്ട് എൽ.എസ്.ജി.ഡി. റോഡുകളുടെ റെസ്റ്റോറേഷനുവേണ്ടി ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എഗ്രിമെന്റ് പിരീഡ് കഴിഞ്ഞിട്ടും പ്രവൃത്തി നടക്കാതിരിക്കുന്ന പ്രശ്നങ്ങൾ പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ആലുവ-പെരുമ്പാവൂർ റോഡിന്റെ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## (7) വനത്തിനുള്ളിലെ കളസസ്യങ്ങളുടെ നിർമ്മാർജ്ജനം

ശ്രീ. ലിന്റോ ജോസഫ്: മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും വനത്തിനുള്ളിൽ വളരുന്ന അധിനിവേശ കളസസ്യങ്ങളുടെ നിർമ്മാർജ്ജനത്തിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): നബാർഡ് പദ്ധതിയിലുൾപ്പെടുത്തി വിവിധ സർക്കിളുകളിലായി അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ, സെന്ന, ലെന്റാന, മൈക്കേനിയ തുടങ്ങിയ അധിനിവേശ-കളസസ്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തോട്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി പ്രസ്തുത തോട്ടങ്ങളിൽനിന്നും ഒരു ലക്ഷം മെട്രിക് ടൺ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിനും നോർത്ത് വയനാട് ഡിവിഷൻ പരിധിയിൽനിന്നും 50000 മെട്രിക് ടൺ സെന്ന മരങ്ങൾ ശേഖരിക്കുന്നതിനും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് അനുമതി നൽകിയിട്ടുണ്ട്. വയനാട് ജില്ലയിൽ ധാരാളമായി കണ്ടുവരുന്ന അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വന്യജീവികൾക്ക് കാട്ടിനുള്ളിൽത്തന്നെ ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിനായി മുള, ഈറ്റ, പ്ലാവ്, നെല്ലി, കമ്പകം തുടങ്ങിയ മലയോര സസ്യങ്ങൾ നട്ടുപിടിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുകയും ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(8) ദേശീയപാത നിർമ്മാണത്തിലെ അപാകതകൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ദേശീയപാത നിർമ്മാണത്തിലെ അപാകതകൾമൂലം രണ്ടത്താണി റോഡിലെ ഡ്രെയിനേജ് സംവിധാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കുറ്റിപ്പുറം ബംഗ്ലാംകുന്ന് നിവാസികളുടെ സ്ഥലം ഏറ്റെടുത്ത് അവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): രണ്ടത്താണി ഭാഗത്ത് ദേശീയപാത-66 നിർമ്മാണത്തിന്റെ ഭാഗമായി ഡ്രെയിനേജ് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് ബോക്സ് കൾവെർട്ടർ നിർമ്മിക്കാനുദ്ദേശിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. സർവ്വീസ് റോഡിനരികിലെ ഡ്രെയിനേജ് സംവിധാനം പൂർത്തിയാകുന്നതോടെ ദേശീയപാതയിൽനിന്നുള്ള മഴവെള്ളം സമീപപ്രദേശങ്ങളിലേയ്ക്ക് ഒഴുകുന്നതിന് ശമനമുണ്ടാകുമെന്നും ബോക്സ് കൾവെർട്ടിന് സമീപമുള്ള കനാൽ റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഗ്രിൽഡ് കവറോടുകൂടിയ ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുകയോ കനാലിന്റെ

ഭാഗത്തെ കൈയേറ്റങ്ങൾ ഒഴിപ്പിച്ച് കനാലിന് വീതി കൂട്ടുകയോ ചെയ്യാവുന്നതാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. കുറ്റിപ്പുറം ബംഗ്ലാംകുന്ന് ഭാഗത്ത് മണ്ണെടുത്തതിനെത്തുടർന്ന് വിള്ളലുകൾ രൂപപ്പെട്ട വീടുകളിലെ താമസക്കാരെ മാറ്റി പാർപ്പിക്കുന്നതിനാവശ്യമായ ധനസഹായം നൽകുകയും സ്ഥലപരിശോധന നടത്തിയ മദ്രാസ് ഐ.ഐ.ടി.-യിലെ വിദഗ്ധ സംഘത്തിന്റെ നിർദ്ദേശപ്രകാരമുള്ള പരിഹാര നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(9) ഓട്ടുപാറ ഗവൺമെന്റ് ജില്ലാ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: വടക്കാഞ്ചേരി നഗരസഭയിലെ ഓട്ടുപാറ ജില്ലാ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഫിസിക്കൽ മെഡിസിൻ, റേഡിയോ തെറാപ്പി, ഡെർമറ്റോളജി, സൈക്ക്യാട്രി, ഡെന്റൽ എന്നീ വിഭാഗങ്ങൾ പുതിയതായി ആരംഭിക്കുന്നതിനും ആശുപത്രിയുടെ സമഗ്ര വികസനത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ ദീർഘകാലമായി മുടങ്ങിക്കിടന്ന ഒട്ടേറെ പദ്ധതികൾ

പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ലക്ഷ്യ സ്റ്റാൻഡേർഡ് പ്രകാരം ലേബർ റൂമിലും ഓപ്പറേഷൻ തീയറ്ററിലും ക്രമീകരണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കും. ഒ.പി. ബിൽഡിംഗ് ട്രാൻസ്ഫർമേഷൻ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കും. കാഷ്വാലിറ്റി വെർട്ടിക്കൽ എക്സ്റ്റൻഷന്റെ നിർമ്മാണ പ്രവൃത്തികളും രണ്ട് നിലകളുടെയും പ്ലാസ്റ്ററിംഗും പൂർത്തിയാക്കിയിട്ടുണ്ട്. ഐ.സി.യു. സംവിധാനം ഏർപ്പെടുത്തും. ഫയർ ആൻഡ് സേഫ്റ്റി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഐസൊലേഷൻ വാർഡ് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. District Early Intervention Centre, ഐസൊലേഷൻ വാർഡ് എന്നിവയെ ആശുപത്രിയുമായി ബന്ധിപ്പിക്കുന്ന പാസ്സേജ് നിർമ്മിക്കുന്ന കാര്യം പരിശോധിക്കും. ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കി എത്രയുംപെട്ടെന്ന് കമ്മീഷൻ ചെയ്യുന്നതാണ്. ആർദ്രം സ്റ്റാൻഡേർഡൈസേഷൻ പ്രകാരമുള്ള ഗ്യാപ് അനാലിസിസ് നടത്തി പുതിയ വിഭാഗങ്ങൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഐ.പി. ബ്ലോക്കിന്റെ പ്രവർത്തനവുമായി

ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കും. ഈ മാസം മുതൽ അവിടെ ഡയാലിസിസ് യൂണിറ്റിന്റെ രണ്ട് ഷിഫ്റ്റുകൾ ആരംഭിക്കുന്നതാണ്.

(10) <u>പി.ആർ.എസ്. വായ്പാ പദ്ധതി</u>

<u>ശ്രീ. എ. പ്രഭാകരൻ</u>: കേരളാ ബാങ്കിനെയും പ്രൈമറി സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ചുകൊണ്ട് പി.ആർ.എസ്. വായ്പാ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): കേന്ദ്ര സർക്കാർ നെൽ കർഷകർക്ക് നൽകേണ്ട താങ്ങുവിലയുടെ ക്ലെയിം പ്രോസസ്സ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനാണ് ബാങ്കുകളുടെ സഹായത്തോടെ സപ്ലൈകോ ഗ്യാരണ്ടിയിൽ പി.ആർ.എസ്. വായ്പ ലഭ്യമാക്കുന്നത്. വിവിധ ബാങ്കുകൾ പി.ആർ.എസ്. വായ്പാ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. ബാങ്കുകളുമായി നടത്തിയ ചർച്ചയിൽ എസ്.ബി.ഐ. 6.9 ശതമാനം പലിശയ്ക്ക് വായ്പ നൽകാൻ തയ്യാറാവുകയും കേരള ബാങ്ക് അതിന് തയ്യാറാകാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ കൺസോർഷ്യം ബാങ്കുകളുമായി കരാറിലേർപ്പെടുകയായിരുന്നു. എന്നാൽ കേരളാ ബാങ്കിൽനിന്നും പിന്നീട് പി.ആർ.എസ്. വായ്പകൾ കർഷകർക്ക്

ലഭ്യമാക്കിയിട്ടുണ്ട്. കേരളാ ബാങ്കിനെ പി.ആർ.എസ്. വായ്പാ പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്.

## VI ധനകാര്യം

### 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത്
(3348,85,73,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം
(280,84,80,000 രൂപ)

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം
(1288,80,62,000 രൂപ)

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ബാബു (നെന്മാറ): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ദേശീയപാത 66-നുവേണ്ടി ഭൂമിയേറ്റെടുത്ത ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ ടെണ്ടർ നടപടികളിലേയ്ക്കെത്തിയത് അഭിമാനാർഹമാണ്. റീബിൽഡ് കേരളയിൽ ഉൾപ്പെട്ടതും ടെണ്ടർ നടപടികളിലുണ്ടായ അപാകതകൾ കാരണം മാറ്റിവയ്ക്കപ്പെട്ടതുമായ നെല്ലിയാംപതി ചുരം റോഡിന്റെ പ്രവർത്തനം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഊട്ടറ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കാനുതകുന്ന പുതിയ സാങ്കേതികവിദ്യ റോഡ് നിർമ്മാണത്തിൽ ഉപയോഗപ്പെടുത്തിയത് അഭിനന്ദനാർഹമാണ്. കരാറനുസരിച്ച് ടെണ്ടർ നടപടി പൂർത്തീകരിക്കാത്തതും ഇടക്കാലങ്ങളിൽ ഉപേക്ഷിച്ചുപോകുന്നതുമായ കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തണം.

ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യവും വർദ്ധിപ്പിക്കണം. ഹൈറേഞ്ചുകളിൽ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ വനം വകുപ്പുമായി യോജിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യണം. അനർഹരെ ബി.പി.എൽ ലിസ്റ്റിൽനിന്നും ഒഴിവാക്കിയതും കേന്ദ്രസർക്കാർ നിശ്ചയിച്ചതിനെക്കാൾ കൂടുതൽ ബി.പി.എൽ. കാർഡുകൾ വിതരണം ചെയ്യാൻ കഴിഞ്ഞതും കെ-റൈസ് പദ്ധതി നടപ്പാക്കാൻ കഴിഞ്ഞതും മാവേലി സ്റ്റോറുകളെ ജനങ്ങൾക്ക് ഉപകാരപ്രദമാക്കിയതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. സജീവ് ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റോഡുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണം. കിഫ്ബി ഏറ്റെടുത്തതും പിന്നീട് ഒഴിവാക്കിയതുമായ റോഡുകൾ സർക്കാർ ഏറ്റെടുത്ത് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം. ഗ്രാമീണ റോഡുകൾക്ക് ഒറ്റത്തവണ റോഡ് നിർമ്മാണ പദ്ധതി നടപ്പിലാക്കണം. ഇരിക്കൂർ മണ്ഡലത്തിൽ തകർച്ചയിലായ പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. ജംബോ ടൂറിസം ഉപദേശക സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ടൂറിസം മേഖലയിലെ പരാതികൾ പരിഹരിക്കുന്നതിനും സംവിധാനമുണ്ടാക്കണം. പുതിയ ടൂറിസം ഉല്പന്നങ്ങൾ കണ്ടെത്തി ടൂറിസം മാർക്കറ്റുകളിൽ പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. വാഴൂർ സോമൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. അന്താരാഷ്ട്ര സാഹസിക മത്സരങ്ങൾ സംഘടിപ്പിച്ചതിലൂടെ ടൂറിസം മേഖലയിൽ മികച്ച വരുമാനം ലഭിക്കുകയും പ്രദേശവാസികൾക്ക് മികച്ച അവസരങ്ങളും സ്ഥിരം ജോലിയും നേടിയെടുക്കാൻ സാധിക്കുകയും ചെയ്തു. പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ വരുമാന വർദ്ധനവുണ്ടാക്കാൻ സാധിച്ചു. ടൂറിസം മേഖലയിൽ കാലാനുസൃതമായ മാറ്റത്തിന് തുടക്കം കുറിച്ചുകൊണ്ട് കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ, സൈനേജുകൾ എന്നിവയുടെ ഡിസൈൻ പോളിസി നടപ്പിലാക്കിയത് അഭിനന്ദനാർഹമാണ്. ടൂറിസം ഡെസ്റ്റിനേഷനുകൾ കേന്ദ്രീകരിച്ച് പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഇടുക്കി ജില്ലയിലെ ടൂറിസം വകുപ്പിന്റെയും ഡി.റ്റി.പി.സി.-യുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കണം. പാഞ്ചാലിമേട് ടൂറിസം കേന്ദ്രത്തിന്റെ അവസാനഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ഹെലി ടൂറിസം പദ്ധതിക്കായി ഹെലിപാഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം

കണ്ടെത്തുന്നതിനും വാഗമണ്ണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ബി.എം.&ബി.സി. നിലവാരത്തിൽ രണ്ടുവരി പാത നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. പരുന്തുംപാറ ടൂറിസം വികസനത്തിനുവേണ്ടിയുള്ള സ്ഥലം പീരുമേട് പഞ്ചായത്തിന് കൈമാറി അന്താരാഷ്ട്ര ടൂറിസം കേന്ദ്രമാക്കുന്നതിനും ഒട്ടകത്തലമേട്, ഏകയം, അരുവിക്കുഴി, തേക്കടി, സത്രം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. തോട്ടം മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണം. ഇടുക്കി ജില്ലയിലെ ടൂറിസം ഡെസ്റ്റിനേഷനുകളെ വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രത്യേക പാക്കേജ് അനുവദിക്കണം. ടൂറിസം വികസനവുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉന്നയിക്കുന്ന തടസങ്ങൾ പരിഹരിക്കുന്നതിനായി ടൂറിസം, വനം വകുപ്പുകളിൽനിന്നുള്ള പ്രത്യേക നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിന് നടപടിയുണ്ടാകണം. ഹെലിബെറിയ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനായി പെരിയാർ നദിയിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. 2013-ൽ നിർത്തലാക്കിയ തേയില തോട്ടങ്ങളും ഫാക്ടറികളും പ്രവർത്തനസജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാസർഗോഡ് ജില്ലയിലെ പുതിയ താലൂക്ക് ആസ്ഥാനങ്ങളായ വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നിവിടങ്ങളിൽ പി.ഡബ്ല്യൂ.ഡി. റോഡ്, ബിൽഡിംഗ്സ് എന്നിവയുടെ സബ് ഡിവിഷൻ ആരംഭിക്കുന്നതിനും മാസംതോറും നടക്കുന്ന സി.എം.ടി. മീറ്റിംഗുകൾ ഫലപ്രദമാക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. ചെർക്കളം-ജാൻസൂർ, കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ്, കിഫ്ബി പദ്ധതിയിലുൾപ്പെട്ട കാസർഗോഡ്-പ്രസ്ക്ലബ്-എം.ജി. റോഡ് ആകാശപ്പാത, ചന്ദ്രഗിരിപ്പുഴയിലെ പാലം, കോസ്റ്റൽ ഹൈവേ എന്നിവ യാഥാർത്ഥ്യമാക്കണം. കല്ലടക്ക-ചെർക്കള റോഡിന്റെ രണ്ടാമത്തെ ലെയറിന്റെ നിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. റോഡുകളിലെ മഴക്കാലപൂർവ്വ പ്രവൃത്തികൾക്കുള്ള ഫണ്ട് അനുവദിക്കണം. കാസർഗോഡ് ഫയർ സ്റ്റേഷൻ നവീകരിക്കുന്നതിനും ജില്ലയിലെ ചരിത്രപ്രാധാന്യമുള്ള കോട്ടകളെ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കണം. റേഷൻ വ്യാപാരികളുടെ വേതനം കൃത്യമായി നൽകുന്നതോടൊപ്പം കോവിഡ് കാലത്ത് വിതരണം ചെയ്ത ഭക്ഷ്യ കിറ്റിന്റെ കമ്മീഷൻ നൽകാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ജോബ് മൈക്കിൾ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സി.എം.ടി. മീറ്റിംഗിലൂടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും 5656 കിലോമീറ്റർ റോഡുകൾ ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താനും മലയോര ഹൈവേയുടെ രണ്ട് റീച്ചുകൾ പൂർത്തീകരിക്കാനും പൊതുമരാമത്ത് വകുപ്പിന് സാധിച്ചിട്ടുണ്ട്. റേഷൻ കടകളിൽ സോഷ്യൽ ഓഡിറ്റ് നടത്താനും എല്ലാ താലൂക്കിലും ഗോഡൗണുകൾ നിർമ്മിക്കാനും ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെൽക്കർഷകർക്ക് സംഭരണവില നൽകാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീണ്ടുപോകുന്നത് ടൂറിസ്റ്റുകളുടെ വരവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പ് സമയബന്ധിതമായി തുക അനുവദിച്ചാൽ മാത്രമേ കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ സാധിക്കുകയുള്ളൂ. കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് നൂതന രീതിയിലുള്ള റോഡ് നിർമ്മാണത്തെക്കുറിച്ച് പഠിക്കാനും ഡി.എസ്.ആർ. കാലോചിതമായി പരിഷ്കരിക്കാനും പൊതുമരാമത്ത് വകുപ്പ് തയ്യാറാകണം. നെല്ലിന്റെ

സംഭരണ വിലയും റേഷൻ കടയുടമകൾക്ക് കൊടുക്കാനുള്ള കുടിശ്ശിക തുകയും കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. വി. കെ. പ്രശാന്ത്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത് വകുപ്പിനുകീഴിൽ 17496 കോടി രൂപയുടെ പ്രവൃത്തികൾ നടന്നുവരികയാണ്. നാഷണൽ ഹൈവേ-66, 85, മലയോര ഹൈവേ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. സംസ്ഥാനത്തെ 20 ജംഗ്ഷനുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നവീകരിക്കുകയാണ്. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിച്ച പൊതുമരാമത്ത് വകുപ്പിനെ അഭിനന്ദിക്കുന്നു. മാനവീയം വീഥി, കലാഭവൻ മണി റോഡ് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വെള്ളയമ്പലം-ആൽത്തറ-തൈക്കാട് റോഡിന്റെ പണി പുരോഗമിച്ചുവരുന്നു. മാനവീയം വീഥിയെ സാംസ്കാരിക ഇടനാഴിയാക്കി മാറ്റിയതും കനകക്കുന്നിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായതും നഗരത്തിലെ പൈതൃക കെട്ടിടങ്ങളും മഹാരഥന്മാരുടെ പ്രതിമകളും ദീപാലങ്കൃതമാക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത സ്മാർട്ട് സിറ്റി റോഡുകളിൽ 25 എണ്ണത്തിന്റെ പണി പൂർത്തിയാക്കാൻ കഴിഞ്ഞത് ശ്രദ്ധേയമാണ്.

<u>ശ്രീമതി യു. പ്രതിഭ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് 60,000 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പാക്കാനായതും കൂട്ടുംവാതുക്കൽ കടവ് പാലം യാഥാർത്ഥ്യമാക്കാനായതും പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തന മികവ് വ്യക്തമാക്കുന്നതാണ്. കുട്ടനാടിന്റെ വിനോദസഞ്ചാര സാധ്യതകൾ ഉപയോഗപ്പെടുത്തി ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ രൂപീകരിക്കുന്നതിനും ഡി.റ്റി.പി.സി.-കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കായംകുളം ഡി.റ്റി.പി.സി.-അമിനിറ്റി സെന്ററിന്റെ സ്ഥലം കെ.റ്റി.ഡി.സി.-ക്ക് കൈമാറുന്നതിനും കായംകുളത്തെ പിൽഗ്രിം ടൂറിസം സെന്ററാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ദേശീയപാത വികസനം, മലയോര-തീരദേശ ഹൈവകൾ എന്നിവ യാഥാർത്ഥ്യമാക്കാനുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഇടപെടൽ പ്രശംസനീയമാണ്. കൊച്ചി അഴിമുഖത്തെ ഭൂഗർഭ ടണൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. അഴീക്കോട്-മുനമ്പം പാലം നിർമ്മാണത്തിലെ തടസ്സം മാറ്റാൻ ജില്ലാഭരണകൂടത്തിന് നിർദേശം നൽകണം. പള്ളിപ്പുറം പഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലം

നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുണ്ടാകണം. ഗതാഗത കുരുക്കിന് പരിഹാരം കാണുന്നതിനായി ഗോശ്രീ പാലങ്ങൾക്ക് സമാന്തരമായി രണ്ട് പാലങ്ങൾ നിർമ്മിക്കാനും വൈപ്പിൻ-പള്ളിപ്പുറം റോഡിന് സമാന്തരമായി ഒരു കായലോര റോഡ് നിർമ്മിക്കാനും നടപടി സ്വീകരിക്കണം. ടൂറിസം രംഗത്ത് ദേശീയ-അന്തർദേശീയ തലത്തിൽ അവാർഡുകൾ നേടാൻ കഴിഞ്ഞത് അഭിമാനാർഹമാണ്. ടൂറിസം രംഗത്ത് നിക്ഷേപങ്ങൾ ആകർഷിക്കാനും ആഗോള നിക്ഷേപക സംഗമം സംഘടിപ്പിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം. സഹകരണ വകുപ്പിന്റെ സഹായത്തോടെ ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് സാധിക്കുമോയെന്ന് ആലോചിക്കണം. ബീച്ച് കോറിഡോർ, കടമക്കുടി ടൂറിസം, ഗ്രാമീണ ടൂറിസം, ഒരു പഞ്ചായത്തിൽ ഒരു ഡെസ്റ്റിനേഷൻ ചലഞ്ച് എന്നീ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കണം. കൊച്ചി മുസിരീസ് ബിനാലെയിൽ വൈപ്പിൻ നിയോജകമണ്ഡലത്തെയും കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കണം. കൊച്ചിയിൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയുംവിധം വാട്ടർ ഒളിമ്പിക്സ് സംഘടിപ്പിക്കാനും ലോക

രാജ്യങ്ങൾക്കിടയിൽ കേരളത്തെ മാർക്കറ്റ് ചെയ്യാൻ കഴിയത്തക്കതരത്തിൽ ഒരു ഡിസൈൻ ഹബ്ബായി പരിവർത്തനപ്പെടുത്താനും മുൻകൈയെടുക്കണം. കേരളത്തെ ഭക്ഷ്യഭദ്രതയിൽനിന്ന് പോഷക ഭദ്രതയിലേയ്ക്ക് മാറ്റിയ നടപടി അഭിനന്ദനാർഹമാണ്.

ശ്രീ. സനീഷ് കുമാർ ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളോട് കാണിക്കുന്ന വിവേചനം പ്രതിഷേധാർഹമാണ്. ടൂറിസം രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനോ നിലവിലുള്ള കേന്ദ്രങ്ങളെ പരിപോഷിപ്പിക്കുന്നതിനോ ആവശ്യമായ ഭൗതിക സാഹചര്യമൊരുക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. വിനോദസഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങളും മാലിന്യനിർമ്മാർജ്ജന സൗകര്യങ്ങളും ഏർപ്പെടുത്താത്തത് ഖേദകരമാണ്. ഒരു പഞ്ചായത്ത് ഒരു ഡെസ്റ്റിനേഷൻ പദ്ധതി നടപ്പാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക ഫലപ്രദമായി ഉപയോഗപ്പെടുത്താത്ത നടപടി നിരാശാജനകമാണ്. വർക്കല, ചാവക്കാട് ബീച്ചുകളിൽ ദ്രുതഗതിയിൽ നിർമ്മിച്ച സാഹസിക ടൂറിസം ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾക്ക് മതിയായ സുരക്ഷ ഉറപ്പാക്കണം. അതിരപ്പിള്ളിയിലെ യാത്രിനിവാസ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും

നടപടി സ്വീകരിക്കണം. വിനോദസഞ്ചാരം ഉൾപ്പെടെയുള്ള മേഖലകളുടെ വികസനം ലക്ഷ്യമാക്കിയുള്ള ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

ശ്രീ. കെ. യു. ജനീഷ് കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ടൂറിസം രംഗത്തെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള വ്യാജ പ്രചാരണം നാടിന് ഹാനികരമാണ്. കോവിഡാനന്തരം ടൂറിസം മേഖല കൈവരിച്ച മുന്നേറ്റം ശ്രദ്ധേയമാണ്. ലോകത്ത് കണ്ടിരിക്കേണ്ട 53 ടൂറിസം കേന്ദ്രങ്ങളിൽ കേരളം ഉൾപ്പെട്ടത് സർക്കാരിന്റെ നേട്ടമാണ്. ബീച്ച് ടൂറിസവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് നടത്തിയിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതികളെ അപകീർത്തിപ്പെടുത്തുന്നത് ഖേദകരമാണ്. ദേശീയപാത, മലയോര-തീരദേശ ഹൈവേ എന്നിവയുടെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിക്കാൻ സാധിച്ചതും 20 ജംഗ്ഷനുകൾ വിവിധ ഘട്ടങ്ങളിലായി മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയതും സർക്കാരിന്റെ മികച്ച നേട്ടങ്ങളാണ്. ഗുണനിലവാരം ഉറപ്പാക്കി റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ചതും സംസ്ഥാനത്താകമാനം പുതുതായി 100 പാലങ്ങൾ നിർമ്മിച്ചതും ഓൺലൈൻ റസ്റ്റ് ഹൗസ് ബുക്കിംഗ് സമ്പ്രദായം നടപ്പാക്കിയതും ശ്രദ്ധേയമാണ്.

<u>ശ്രീ. എ. രാജ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ഒരു വിനോദസഞ്ചാര കേന്ദ്രമെങ്കിലും വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ "ഡെസ്റ്റിനേഷൻ ചലഞ്ച്" പദ്ധതി ആരംഭിച്ചതും രാജ്യത്തെ ഏറ്റവും വലിയ ഗ്ലാസ് ബ്രിഡ്ജ് വാഗമണ്ണിൽ തുറന്നതും മൂന്നാർ ഗ്യാപ്പ് റോഡിൽ അഡ്വഞ്ചർ പാർക്ക് ആരംഭിക്കാൻ തീരുമാനിച്ചതും അഭിനന്ദനാർഹമാണ്. സിനിമ ടൂറിസം പദ്ധതിയിൽ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്താനും വട്ടവടയിൽ ഉത്തരവാദിത്ത ടൂറിസം നടപ്പാക്കാനും ടൂറിസം പോയിന്റുകളിൽ സമഗ്രമായ ടൂറിസം മാപ് സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. കലാലയ ടൂറിസം ക്ലബ് നടപ്പാക്കിയതും വിനോദസഞ്ചാര മേഖലയിൽ ക്യൂ.ആർ. കോഡ് സംവിധാനം ആരംഭിച്ചതും സ്വാഗതാർഹമാണ്. നെറ്റ്‍വർക്ക് സംവിധാനമില്ലാത്ത ടൂറിസം കേന്ദ്രങ്ങളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തണം. കർഷകരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി ഫാം ടൂറിസം ഉപയോഗപ്പെടുത്താനും മൂന്നാർ ട്രെയിൻ യാത്ര പുനരാരംഭിക്കാനും വട്ടവടയിലേയ്ക്കും കാന്തല്ലൂരിലേയ്ക്കുമുള്ള റോഡുകൾ പുതുക്കിപ്പണിയാനും വട്ടവട-കൊടൈക്കനാൽ റോഡ് യാഥാർത്ഥ്യമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. തോമസ് കെ. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത് വിനോദസഞ്ചാര മേഖലകളിൽ സമാനതകളില്ലാത്ത വളർച്ച കൈവരിക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. ആലപ്പുഴയിലെ ഹൗസ് ബോട്ട് ടെർമിനൽ കൈനകരി ഗ്രാമപഞ്ചായത്തിന് വിട്ടുനൽകി പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. നെല്ല് സംഭരണത്തിന് മതിയായ വിഹിതം ലഭ്യമാക്കാത്ത കേന്ദ്ര നടപടി അപലപനീയമാണ്. സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. വിഹിതം നേടിയെടുക്കുന്നതിന് ഭരണ-പ്രതിപക്ഷ അംഗങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണം.

ശ്രീ. എ. കെ. എം. അഷ്റഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രതിപക്ഷ സാമാജികരുടെ മണ്ഡലങ്ങളോടുള്ള സർക്കാരിന്റെ വിവേചനം അവസാനിപ്പിക്കണം. തൊഴിൽ മേഖലയിലെ സാമുദായിക പ്രാതിനിധ്യം വിശദമാക്കുന്ന ഒരു ധവളപത്രം സർക്കാർ പുറത്തിറക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന വിവിധ സേവനങ്ങളുടെ ഫീസ് വർദ്ധിപ്പിച്ച നടപടി അപലപനീയമാണ്. ക്ഷേമപെൻഷൻ, കോൺട്രാക്ടർമാരുടെ ബിൽ തുടങ്ങി വിവിധ മേഖലകളിലെ കുടിശ്ശിക, പോലീസ് വകുപ്പിന്റെ ജനദ്രോഹ നടപടികൾ എന്നിവയൊക്കെ

തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന്റെ തോൽവിക്ക് കാരണമായിട്ടുണ്ട്. സർക്കാരിന്റെ പ്രവർത്തന ശൈലിയിൽ മാറ്റം വരുത്താൻ തയ്യാറാകണം.

ശ്രീ. ജി. എസ്. ജയലാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതിസന്ധികളെ അതിജീവിച്ചും നവീനമായ ആശയങ്ങൾ പ്രാവർത്തികമാക്കിയും സംസ്ഥാനത്തെ ടൂറിസം മേഖല പുരോഗതിയുടെ പാതയിലാണ്. ദേശീയപാത ഉൾപ്പെടെയുള്ള പശ്ചാത്തലസൗകര്യ വികസന കാര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ ഇടപെടൽ പ്രശംസനീയമാണ്. സുഭിക്ഷ കേരളം പദ്ധതിയിലൂടെ 86 ലക്ഷം ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യാനും അനർഹരിൽനിന്നും മുൻഗണനാ കാർഡുകൾ തിരികെ വാങ്ങി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യാനും സിവിൽ സപ്ലൈസ് വകുപ്പിന് സാധിച്ചിട്ടുണ്ട്. ജൂലൈ 31-നകം സംസ്ഥാനത്താകെ ആയിരം കെ-സ്റ്റോറുകൾ പ്രവർത്തനസജ്ജമാക്കാനുള്ള നടപടികളാണ് സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിക്കുന്നത്. സഞ്ചരിക്കുന്ന റേഷൻ കടകൾ, ഒപ്പം, സുചലം, കെ-റൈസ് തുടങ്ങിയ ജനകീയ പദ്ധതികൾ മാതൃകാപരമായി മുന്നേറുകയാണ്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സിവിൽ സപ്ലൈസ് വകുപ്പ് മികച്ച സേവനമാണ് നൽകിവരുന്നത്.

ശ്രീ. ഡി. കെ. മുരളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മികവാർന്ന പ്രവർത്തനങ്ങൾ നടത്തുന്ന പൊതുമരാമത്ത് വകുപ്പിനെ അഭിനന്ദിക്കുന്നു. പ്രതിസന്ധികളെ അതിജീവിച്ചും വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി നടപ്പാക്കിയ പദ്ധതികൾക്ക് നിരവധി പുരസ്കാരങ്ങൾ നേടാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്.

ശ്രീ. ടി. സിദ്ദിഖ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ സ്വാധീന മേഖലകളിൽപ്പോലും യു.ഡി.എഫ്.-ന് വോട്ട് വിഹിതം വർദ്ധിപ്പിക്കാൻ സാധിച്ചത് സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾ കാരണമാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ധനാഭ്യർത്ഥന ചർച്ചയിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾ നടപ്പിലാക്കാനും തിരുത്തലുകൾ വരുത്തേണ്ടത് പരിശോധിച്ച് മുന്നോട്ടുപോകാനും ശ്രമിക്കുന്നതാണ്. ആനക്കാംപൊയിൽ - കള്ളാടി മേപ്പാടി തുരങ്കപ്പാതയുടെ നിർമ്മാണം ഈ വർഷം ആരംഭിക്കും. കിഫ്ബി വഴി നടപ്പിലാക്കുന്ന മലയോര ഹൈവേയുടെ 149 കി.മീ. യാഥാർത്ഥ്യമായിട്ടുണ്ട്. തീരദേശ ഹൈവേയുടെ ഭാഗമായി മലപ്പുറം

ജില്ലയിലെ മൊഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയും പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുമുള്ള സ്ട്രെച്ചുകളുടെ നിർമ്മാണം പൂർത്തിയായി. 'ലെവൽ ക്രോസില്ലാത്ത കേരളം' പദ്ധതിയിൻകീഴിൽ അഞ്ച് ആർ.ഒ.ബി.കൾ പൂർത്തീകരിക്കുകയും ഒമ്പത് എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിക്കുകയുമാണ്. സർക്കാർ ആവിഷ്കരിച്ച ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയിൽപ്പെടുത്തി എടപ്പാൾ ഫ്ലൈ ഓവർ നിർമ്മാണം പൂർത്തീകരിക്കാനും പേരാമ്പ്ര ബൈപ്പാസ് യാഥാർത്ഥ്യമാക്കാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 20 ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന് 200 കോടി രൂപയും 7 ജംഗ്ഷനുകളുടെ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കലിനുള്ള തുകയും വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിന് 600 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 55 ശതമാനം പൊതുമരാമത്ത് റോഡുകളും ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കാൻ സാധിച്ചു. തിരുവനന്തപുരം സ്മാർട്ട് സിറ്റിക്ക് കീഴിൽ മുടങ്ങിക്കിടന്ന വിവിധ പദ്ധതികളിലുൾപ്പെട്ട പല റോഡുകളും ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. റെസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ആരംഭിച്ചതോടെ സർക്കാരിന് വലിയ വരുമാനമുണ്ടാക്കാൻ

സാധിച്ചു. കെട്ടിട മേഖലയിൽ കോമ്പോസിറ്റ് ടെണ്ടർ ഫലപ്രദമായി നടപ്പിലാക്കി.

കോവിഡിനുശേഷം വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാനും അതിനനുസരിച്ച് വരുമാനത്തിൽ വർദ്ധനവുണ്ടാക്കാനും സാധിച്ചു. കെ.ടി.ഡി.സി.യുടെ നേതൃത്വത്തിൽ കൂടുതൽ കാരവൻ പാർക്കുകൾ ഈ വർഷം ആരംഭിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിയ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ ഭാഗമായി 30-ഓളം ഡെസ്റ്റിനേഷനുകളുടെ ഉദ്ഘാടനം നടത്താൻ സാധിച്ചിട്ടുണ്ട്. സാഹസിക ടൂറിസത്തിന് രജിസ്ട്രേഷൻ നിർബന്ധമാക്കിയ ആദ്യ സംസ്ഥാനം കേരളമാണ്. കേരളത്തെ ഉത്തരവാദിത്ത ടൂറിസത്തിന്റെ ഹബ്ബാക്കി മാറ്റാൻ സാധിച്ചു. ഇരിക്കൂർ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൻകീഴിൽ ആറ് ബജറ്റ് പ്രവൃത്തികളും രണ്ട് നബാർഡ് പ്രവൃത്തികളും നോൺ പ്ലാൻ ഹെഡ്ഡിൽ 51 പ്രവൃത്തികളും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ 10 പ്രവൃത്തികളും അനുവദിച്ചിട്ടുണ്ട്. പാലങ്ങൾ വിഭാഗത്തിനുകീഴിൽ അലക്സ് നഗർ, ആലക്കോട് പാലങ്ങൾ പൂർത്തീകരിക്കുകയും കരുവഞ്ചാൽ പാലം നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ചാലക്കുടി മണ്ഡലത്തിലെ ആനക്കയം

പാലം നിർമ്മാണത്തിന് തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. മഞ്ചേശ്വരം മണ്ഡലത്തിൽ 2023-24 വർഷത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി റോഡ് നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ട്. സാധ്യമാകുന്ന കാര്യങ്ങളെല്ലാം അതത് മണ്ഡലങ്ങളിൽ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ തുടരുന്നതാണ്. ധനാഭ്യർത്ഥന അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളെയും വിമർശനങ്ങളെയും സ്വാഗതം ചെയ്യുന്നു. ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ജനോപകാരപ്രദമായ ഇടപെടലാണ് നടത്തിയിട്ടുള്ളത്. എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകാനും അനർഹമായി കൈവശംവച്ചിരുന്ന മുൻഗണനാ കാർഡുകൾ അർഹരായ ഗുണഭോക്താക്കൾക്ക് നൽകാനും അതിദരിദ്രരെ കണ്ടെത്തി ഭക്ഷ്യധാന്യ വിതരണം ഉറപ്പാക്കാനും സാധിച്ചിട്ടുണ്ട്. സപ്ലൈകോയുടെ വ്യാജ ലെറ്റർ ഹെഡ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയ സംഭവത്തിൽ കുറ്റക്കാരനെ അറസ്റ്റ് ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കോവിഡ് കാലയളവിലും തുടർന്നും സംസ്ഥാനത്തെ റേഷൻ കാർഡുകൾ വഴി 13 തവണ ഭക്ഷ്യ കിറ്റ്

വിതരണം ചെയ്തതിലെ കമ്മീഷൻ ഇനത്തിൽ നൽകാനുള്ള ബാക്കി തുക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് റേഷൻ വ്യാപാരികൾക്ക് നൽകുന്നതാണ്. നെല്ല് സംഭരണം പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് പരിപൂർണ്ണമായി സംഭരിക്കുന്നതോടൊപ്പം ഉയർന്ന സംഭരണ വില നൽകുകയും ചെയ്യുന്നുണ്ട്. കർഷകർക്ക് സംഭരണവില ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാനായി ബാങ്കുകളുടെ സഹായത്തോടെ പി.ആർ.എസ്. വായ്പാ പദ്ധതി ആരംഭിച്ചിട്ടുണ്ട്. മേയ് മാസത്തിനുശേഷം സംഭരിച്ച നെല്ലിന്റെ പണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് ഓരോ മാസവും 82 ശതമാനം റേഷൻ കാർഡുടമകൾ ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നുണ്ടെന്നുള്ളതും ഈ സർക്കാരിന്റെ കാലത്ത് സപ്ലൈകോയുടെ 90 ഔട്ട്ലെറ്റുകൾ പുതുതായി ആരംഭിക്കാനായിട്ടുണ്ടെന്നുള്ളതും അഭിമാനകരമാണ്. കെ-സ്റ്റോർ, ഒപ്പം എന്നീ പദ്ധതികളിലൂടെ പൊതുവിതരണ രംഗത്ത് മെച്ചപ്പെട്ട സാഹചര്യമുണ്ടാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും ശബ്ദവോട്ടോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 3.54-ന് പിരിഞ്ഞു.

********